"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവനനിർമ്മാണ വകുപ്പ് - ബജറ്റ് 2024-25 - ഭവനവകുപ്പ് (സാങ്കേതിക സെൽ) - 'പരിശീലനത്തിനുള്ള സാങ്കേതിക സെൽ' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.46/2024/HSG തീയതി,തിരുവനന്തപുരം, 21-06-2024

പരാമർശം:- 1. ഭവനവകുപ്പ് (സാങ്കേതിക വിഭാഗം)-ന്റെ 17.05.2024-ലെ സി/364/2024/എച്ച്.സി. നമ്പർ കത്ത്.

2. 29.05.2024-ൽ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

<u>ഉത്തരവ്</u>

2024-25 സാമ്പത്തിക വർഷത്തെ ഭവനവകുപ്പ് (സാങ്കേതിക വിഭാഗം)-ന്റെ 'പരിശീലനത്തിനുള്ള സാങ്കേതിക സെൽ' എന്ന പദ്ധതി നടപ്പാക്കുന്നതിന് 2216-80-001-96 എന്ന ശീർഷകത്തിൽ 5,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ടുകൾ വിലയിരുത്തുന്നതിലും, പുനർനിർണ്ണയിക്കുന്നതിലും ജീവനക്കാരുടെ കഴിവുകൾ വർദ്ധിപ്പിക്കുക, വിവിധ സാമ്പത്തിക വിശദാംശങ്ങൾ വിശകലനം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും പങ്കെടുക്കുന്നവരെ പ്രാപ്തരാക്കുക എന്നിവയാണ് പരിശീലന പരിപാടിയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ. വിവിധ പരിശീലനങ്ങൾക്കായി സാങ്കേതിക ഏജൻസികളുമായി(ദേശീയവും അന്തർദേശീയവും) സഹകരിക്കുക, സൈറ്റ് സന്ദർശനങ്ങൾ(ഭവന ബോർഡുകളും ഭവന പദ്ധതികളും), ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ശിൽപശാലകൾ നടത്തുക, എഞ്ചിനീയിറിംഗ് കോളേജുകൾ/ആർക്കിടെക്ചർ കോളേജുകൾക്കുള്ള ഡിസൈൻ മത്സരങ്ങളും സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷനും തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

2. 2024-25 സാമ്പത്തിക വർഷത്തെ 'പരിശീലനത്തിനുള്ള സാങ്കേതിക സെൽ' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ പരാമർശം (1) പ്രകാരം ഭവന വകുപ്പ് (സാങ്കേതിക വിഭാഗം) ലഭ്യമാക്കുകയും ചുവടെ ചേർത്തിരിക്കുന്ന പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ശിപാർശ പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് 5,00,000/- രൂപയുടെ ഭരണാനുമതി നൽകണമെന്ന് ഭവന വകുപ്പ് (സാങ്കേതിക വിഭാഗം) ആവശ്യപ്പെടുകയുമുണ്ടായി.

| Sl. No. | Components | Amounts |
|---|---|---|
| 1. | Conducting training programmes to the officials of Housing related agencies such as KSHB, KESNIK etc. in innovative areas | 4,25,000/- |
| 2. | Implementing Biometric punching system in the office of the Housing Commissioner | 75,000/- |
| | Total | **5,00,000/-** |

3. പ്രസ്തുത പ്രൊപ്പോസൽ 29.05.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, ഭവന വകുപ്പ് (സാങ്കേതിക വിഭാഗം)-ന്റെ 'പരിശീലനത്തിനുള്ള സാങ്കേതിക സെൽ' എന്ന പദ്ധതിയ്ക്ക് 5,00,000/- രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം അംഗീകാരം നൽകുയുമുണ്ടായി.

4. ഈ സാഹചര്യത്തിൽ, 2024-2025 സാമ്പത്തിക വർഷത്തെ ഭവന വകുപ്പ് (സാങ്കേതിക വിഭാഗം)-ന്റെ 'പരിശീലനത്തിനുള്ള സാങ്കേതിക സെൽ' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള പൊതുവ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി 5,00,000/- രൂപയിൽ (അഞ്ചു ലക്ഷം രൂപാ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2024-25 സാമ്പത്തിക വർഷത്തെ 2216-80-001-96 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

i. പദ്ധതി നിർവ്വഹണ ഏജൻസി ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയമായിരിക്കും.
ii. സർക്കാർ അംഗീകരിച്ച് നൽകിയ പ്രോജക്ട് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.
iii. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.
iv. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.
v. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.
vi. പദ്ധതി ചെലവുകൾ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ അധികരിക്കുവാൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.
vii. പദ്ധതി തുകയിൽ ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നൽകാവുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.
viii. ആസ്തികൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ

അനുവദനീയമല്ല.

ix. ഈ പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോസഫൈൻ കെ
അഡിഷണൽ സെക്രട്ടറി

ഹൗസിംഗ് കമ്മീഷണർ, ഭവനവകുപ്പ് (സാങ്കേതിക വിഭാഗം),
ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
ഐ&പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 21-06-2024 16:50:49